**File No.LSGD-FM2/198/2021-LSGD**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്ദമംഗലം ഗ്രാമപഞ്ചായത്ത് - എൻ.എച്ച് 766 ലെ ട്രാഫിക് സ്തംഭനം - നാറ്റ്പാക് പഠനത്തിന് തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.21/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/01/2022

---

പരാമർശം:-

1. കുന്ദമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08/10/2021 ലെ 25-ാം നമ്പർ യോഗത്തിലെ 7-ാം നമ്പർ തീരുമാനം.
2. കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25/10/2021 ലെ കത്ത്.
3. കുന്ദമംഗലം എം.എൽ.എ ശ്രീ.പി.ടി.എ.റഹീമിന്റെ 10.11.2021 ലെ T-353/2021 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കേരളത്തിലെ ഏക സബ് താലൂക്ക് ആസ്ഥാനവും നാഷനൽ ഹൈവേ 766 ലെ മുഖ്യ ജംഗ്ഷനുമായ കുന്ദമംഗലം ടൗണിൽ പൊതുമരാമത്ത് വകുപ്പിന്റേതായിമാത്രം 7 പ്രധാനപ്പെട്ട റോഡുകളാണ് സംഗമിക്കുന്നതെന്നും, ഐ.ഐ.എം, എൻ.ഐ.ടി, സ്കൂൾ ഓഫ് മാതമാറ്റിക്സ്, സി.ഡബ്ല്യു.ആർ.ഡി.എം, മിനി സിവിൽസ്റ്റേഷൻ, ബ്ലോക്ക് ഓഫീസ് തുടങ്ങി നിരവധി സർക്കാർ സംവിധാനങ്ങളും മൂന്ന് ഹയർ സെക്കന്ററി സ്കൂളുകൾ ഉൾപ്പെടെ 6 സ്കൂളുകളും ഈ പ്രദേശത്തുണ്ടെന്നും, ദേശീയപാതയിൽ ഏറ്റവും കൂടുതൽ ട്രാഫിക് സ്തംഭനമുള്ള ഇവിടെ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഒരു പഠനം നടത്താൻ നാറ്റ് പാക്കിനെ ചുമതലപ്പെടുത്തിയിരുന്നുവെന്നും ആയതിന് 3.65 ലക്ഷം രൂപയും നികുതികളും ലഭ്യമാക്കണമെന്ന് നാറ്റ്പാക്ക് അറിയിച്ചിരിക്കുകയാണെന്നും, പ്രസ്തുത തുക തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നതിന് അനുമതിക്കായി പരാമർശം 1 ലെ ഭരണ സമിതി തീരുമാനപ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച പരാമർശം 2 ലെ അപേക്ഷ കുന്ദമംഗലം എം എൽ എ പരാമർശം 3 പ്രകാരം ശുപാർശ ചെയ്ത് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയപാതയിൽ ഏറ്റവും കൂടുതൽ ട്രാഫിക് സ്തംഭനമുള്ള കുന്ദമംഗലം ടൗണിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഒരു പഠനം നടത്താൻ നാറ്റ്പാക്ക് ആവശ്യപ്പെട്ട തുകയായ 3.65 ലക്ഷം രൂപയും നികുതികളും കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, കുന്ദമംഗലം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്